'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.ശ്യാമള.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.532/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/03/2020

---

പരാമർശം:- 1 സ.ഉ (കൈ)നം. 224/2014/തസ്വഭവ, തീയതി 12.12.2014.

2 പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08/11/2016ലെ ഇ2-12208/2013നമ്പർ നടപടിക്രമം.

3 പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.03.2019ലെ ഇ4-8001/2017 നമ്പർ നടപടിക്രമം.

4 പഞ്ചായത്ത് ഡയറക്ടറുടെ 28.08.2019ലെ ഇ6-9994/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.ശ്യാമള.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി.ശ്യാമള.കെ, 16.03.1996 FN ൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ചു. ടിയാൾ ജനിച്ചത് 10.05.1964 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 29 ദിവസത്തെ ആർജ്ജിതാവധിയും 42 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവും ഉൾപ്പെടെ 26.05.1998 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാൾക്ക് 5 0 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ശ്രീമതി.ശ്യാമള.കെ യ്ക്ക് 09.05.1964 ൽ 5 0 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ കാലാവധി 26.05.1999 മുതൽ 14.12.2014 AN വരെ പരാമർശം(1) ഉത്തരവ് പ്രകാരം ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.ശ്യാമള.കെ യ്ക്ക് 5 0 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്&എസ്എസ്.ആർ പാർട്ട് 2, റൂൾ 13 ബി പ്രകാരം 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കാലാവധി 26.05.1999 മുതൽ 14.12.2014 ANവരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

സെക്രട്ടറി, കാവശ്ശേരി ഗ്രാമപഞ്ചായത്താഫീസ്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(188/ഇപിഎ1/19/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Danuja MJ

സെക്ഷൻ ഓഫീസർ